# വിവരാവകാശ നിയമം – 2005

## വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ

---

**തീയതി**: ...........................

**പ്രേഷകൻ (From):**

..............................................................
..............................................................
..............................................................
**ഫോൺ**: ....................................................

**സ്വീകർത്താവ് (To):**

State Public Information Officer

..............................................................
..............................................................
..............................................................

**വിഷയം**: ശബ്ദ മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന്.

**അറിയിപ്പ്**:

- എല്ലാ സൂചന ഫയലുകളും https://noisepollusioncontrol.org/ ൽ ലഭ്യമാണ്.
- ഈ കാര്യാലയത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ RTI Act Sec-6(3) പ്രകാരം ബന്ധപ്പെട്ട വകുപ്പിലേക്ക് കൈമാറുക.
- വിവരങ്ങൾ ഇ-മെയിൽ വഴിയും ലഭ്യമാക്കുക. Email: ...............................................

**ഫീസ്**: Rs. 10 – E-Challan (https://etreasury.kerala.gov.in) / Court Fee Stamp / Postal Order ആയി നൽകിയിട്ടുണ്ട്.

GRN: ..................................... **Dept. Ref. No.**: .......................... **തീയതി**: ..................

### സൂചനകൾ (References)

| സൂചന | വിവരം |
|---|---|
| 1 | Noise Pollution (Regulation and Control) Rules, 2000 |
| 2 | Environment Protection Act, 1986, Sec-15 |
| 3 | G.O.(P) No.64/02 dtd. 20.04.2002 (S.R.O. No. 289/2002) |
| 4 | U6-30380/2002 dtd. 28.11.2002, 17/2002 (U6-30380) |
| 5 | Kerala HC Order 235/1993 dtd. 23.10.2001 |
| 6 | SC Order – Church of God (Full Gospel) in India vs K.K.R. Majestic Colony Welfare Association and Others – 30.08.2000 |

## ആവശ്യമുള്ള വിവരങ്ങൾ (Information Required)

| ക്രമ നം. | ആവശ്യമുള്ള വിവരങ്ങൾ |
|---|---|
| 1 | സൂചന-1 നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള സൂചന-3 നിലവിൽ പ്രാബല്യത്തിലുണ്ടോ, അതല്ലെങ്കിൽ റദ്ദ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ, ആ ഉത്തരവ്/അറിയിപ്പിന്റെ CTC ലഭ്യമാക്കുക. |
| 2 | സൂചന-1 നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള സൂചന-4 നിലവിൽ പ്രാബല്യത്തിലുണ്ടോ, അതല്ലെങ്കിൽ റദ്ദ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ, ആ ഉത്തരവ്/അറിയിപ്പിന്റെ CTC ലഭ്യമാക്കുക. |
| 3 | ആരാധനാലയങ്ങളുടെ 100 മീറ്റർ ചുറ്റളവ് Silence Zone ആണെന്ന് വ്യക്തമായി നിർദ്ദേശിക്കുന്ന സൂചന-3, 4 നിലവിൽ പ്രാബല്യത്തിലുണ്ട്; അത് റദ്ദ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ, ആ ഉത്തരവ്/അറിയിപ്പിന്റെ CTC ലഭ്യമാക്കുക. |
| 4 | സൂചന-1 ചട്ടം 5(1), 5(2) ലംഘിക്കുന്ന വിധത്തിലും സൂചന-5, 6 എന്നീ ഉത്തരവ് നടപ്പിലാക്കാതെ, ആരാധനാലയങ്ങളിൽ സ്ഥിരമായി സ്ഥാപിച്ചിരിക്കുന്ന ഉച്ചഭാഷിണി/കോളാമ്പികൾ ഇളക്കി മാറ്റുന്നതിന്, സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം നോട്ടീസ് നൽകുന്നതിനുള്ള ഉത്തരവ്/അറിയിപ്പ്, ................................ പോലീസ് സ്റ്റേഷൻ SHO-ക്ക് ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>ലഭിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരവ്/അറിയിപ്പിന്റെ CTC ലഭ്യമാക്കുക. |
| 5 | ചോദ്യം 4 പ്രകാരം, ................................ പോലീസ് സ്റ്റേഷൻ പരിധിയിലെ എല്ലാ ആരാധനാലയങ്ങൾക്കും ഉച്ചഭാഷിണി/കോളാമ്പികൾ ഇളക്കി മാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>(a) നോട്ടീസ് നൽകിയ ആരാധനാലയങ്ങൾ ഏതൊക്കെ എന്ന വിവരം ലഭ്യമാക്കുക.<br>(b) നോട്ടീസ് നൽകാത്ത ആരാധനാലയങ്ങൾ ഏതൊക്കെ എന്ന വിവരം ലഭ്യമാക്കുക. |
| 6 | ചോദ്യം 4 പ്രകാരം, ................................ പോലീസ് സ്റ്റേഷൻ പരിധിയിലെ എല്ലാ ആരാധനാലയങ്ങളിലേയും ഉച്ചഭാഷിണി/കോളാമ്പികൾ ഇളക്കി മാറ്റിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക.<br>(a) കോളാമ്പി ഇളക്കി മാറ്റിയ ആരാധനാലയങ്ങൾ ഏതൊക്കെ എന്ന വിവരം ലഭ്യമാക്കുക.<br>(b) കോളാമ്പി ഇളക്കി മാറ്റിയ ശേഷം പകരം സ്പീക്കർ സ്ഥാപിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ, ആ സ്ഥാനങ്ങളിൽ സ്ഥിരമായി ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് ചട്ടപ്രകാരം Cmpetent Authority (SDPO/SP/CP) നൽകിയ അനുമതിയുടെ CTC ലഭ്യമാക്കുക. |
| 7 | സൂചന-5, 6 പ്രകാരം മതഭേദമില്ലാതെ Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്; ആ നിർദ്ദേശം ................................ പോലീസ് സ്റ്റേഷൻ പരിധിയിൽ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ (a) പേര്, (b) ഔദ്യോഗിക വിലാസം, (c) PEN, (d) ഫോൺ/മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ ലഭ്യമാക്കുക. |
| 8 | സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം "പരാതിക്കാരുടെ വിവരങ്ങൾ നിയമവിരുദ്ധമായ രീതിയിൽ ആർക്കും കൈമാറരുത്" എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ആ നിർദ്ദേശം യഥാർഥത്തിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഈ സ്റ്റേഷൻ SHO ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുക. |

| | |
|---|---|
| 9 | ................................ പോലീസ് സ്റ്റേഷൻ പരിധിയിൽ, പരാതി ലഭിക്കാതെ തന്നെ (Suo Motu) ട്രാഫിക് നിയമലംഘനത്തിനെതിരെ 01.01.2026 മുതൽ ഇതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ലഭ്യമാക്കുക. |
| 10 | ................................ പോലീസ് സ്റ്റേഷൻ പരിധിയിൽ, സൂചനകളിൽ പരാമർശിക്കുന്ന ശബ്ദ നിയന്ത്രണ നിയമങ്ങൾ അനുസരിച്ച്, പരാതി ലഭിക്കാതെ തന്നെ (Suo Motu) 01.01.2026 മുതൽ ഇതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ലഭ്യമാക്കുക. |
| 11 | ................................ പോലീസ് സ്റ്റേഷൻ പരിധിയിൽ, സൂചനകളിൽ പരാമർശിക്കുന്ന ശബ്ദ നിയന്ത്രണ നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ Suo Motu കേസെടുത്ത് കോടതിയിൽ ഹാജരാക്കുന്നതിന് ഉത്തരവാദപ്പെട്ട SDPO/SP/CP-യുടെ (a) പേര്, (b) ഔദ്യോഗിക വിലാസം, (c) PEN, (d) ഫോൺ/മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ ലഭ്യമാക്കുക. |

അപേക്ഷകന്റെ ഒപ്പ്: .....................................

പേര്: .....................................................

തീയതി: ..................................................